പതിനെട്ട്

# യുഗപ്രഭാവനായ ചാവറയച്ചൻ

## സണ്ണി കുറ്റിക്കാട്ട്

**കാ**ലാതിവർത്തിയായ വ്യക്തിപ്രഭാവത്തിന്റെ ഉടമയായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. ജീവിതവിശുദ്ധികൊണ്ടും സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾകൊണ്ടും കേരളജനതയുടെ മുഴുവൻ ആരാധനാപാത്രമായിത്തീർന്നു അദ്ദേഹം.

ചാവറയച്ചൻ തികഞ്ഞ ഒരു ആധ്യാത്മിക മനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ ആധ്യാത്മിക കൃതികൾതന്നെ ഇതിനു മതിയായ തെളിവുകളാണ്. *ധ്യാന സല്ലാപങ്ങൾ, ധ്യാനക്കുറിപ്പുകൾ, വൈയക്തിക പ്രാർത്ഥനകൾ* തുടങ്ങിയവയിൽ, സൃഷ്ടാവായ ദൈവത്തോട് സൃഷ്ടിയായ മനുഷ്യൻ നടത്തുന്ന സ്നേഹസമന്വിതമായ നർമസംഭാഷണങ്ങളാണ് നാം കാണുന്നത്. ചാവറയച്ചൻ എഴുതിയ *ആത്മാനുതാപം* പോലുള്ള കാവ്യകൃതികളിലും അദ്ദേഹത്തിന്റെ ആധ്യാത്മികതയുടെ ആഴം നമുക്ക് ദർശിക്കാൻ കഴിയും.

ചാവറയച്ചൻ താൻ ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ ഒരു ഉപാസകനായിരുന്നു എന്നു കരുതുന്നതിൽ തെറ്റുണ്ടാവില്ല. ചാവറകൃതികളിലെ മരണം, വിധി, പാപം എന്നിവയെക്കുറിച്ചുള്ള പ്രതിപാദ്യങ്ങൾ ഇത് വെളിവാക്കുന്നുണ്ട്. ചാവറയച്ചന്റെ ആധ്യാത്മികചിന്തയെ വളരെ സ്വാധീനിച്ച മറ്റൊരു ഘടകമാണ് കുടുംബം. ചെറുപ്പത്തിൽ സ്വന്തം കുടുംബത്തിൽനിന്നു ലഭിക്കുന്ന സ്നേഹപരിലാളനകളും മാതൃകകളും ഏതൊരു വ്യക്തിയുടെയും ജീവിതത്തെ മുഴുവൻ സ്വാധീനിക്കും എന്നു ചാവറയച്ചൻ ഉറച്ച് വിശ്വസിച്ചിരുന്നു. അതുകൊണ്ട് മാതൃകാപരമായ കുടുംബജീവിതത്തിന് അദ്ദേഹം എല്ലാ മാതാപിതാക്കളെയും ആഹ്വാനം ചെയ്തു.

ചാവറയച്ചന്റെ ദൈവാനുഭവത്തിന്റെയും ദൈവസ്നേഹത്തിന്റെയും കവിഞ്ഞൊഴുകലായിരുന്നു അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തനം. ഒരു യഥാർത്ഥ അപ്പസ്തോലന്റെ ആധ്യാത്മികതയായിരുന്നു അദ്ദേഹത്തിന് ഉണ്ടാ

യിരുന്നത്. ദൈവത്തോടും മനുഷ്യരോടും ഒരേസമയം ബന്ധപ്പെട്ട ഒരു ആധ്യാത്മികതയായിരുന്നു അത്. പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഏതൊരാൾക്കും സ്വീകരിക്കാവുന്ന മാതൃകയാണ് അദ്ദേഹം.

പ്രാർഥനയും പ്രവർത്തനവും ഒരുപോലെ നയിച്ച ഒരു കർമയോഗിയായിരുന്നു ചാവറയച്ചൻ. പുരോഹിതൻ മറ്റുള്ളവർക്കായി സ്വജീവിതം അർപ്പിക്കുന്നതോടൊപ്പം നിരന്തരമായ ധ്യാനത്തിൽകൂടി ദൈവത്തെ അനുഭവിച്ചറിയുകകൂടി ചെയ്യണമെന്ന് അദ്ദേഹം ആഗ്രഹിക്കുകയും ഈ ആഗ്രഹത്തെ പ്രാവർത്തികമാക്കാനുള്ള കർമപരിപാടി ആവിഷ്കരിക്കുകയും ചെയ്തു. ലോകത്തിൽനിന്ന് ഒഴിഞ്ഞുമാറി ഒരു സന്യാസിയായി മാത്രം കഴിയാൻ അദ്ദേഹം ആഗ്രഹിച്ചില്ല. ദൈവത്തിനും ദൈവജനത്തിനും വേണ്ടി ആധ്യാത്മികചൈതന്യം നിറഞ്ഞ പുരോഹിതന്മാരെയും സന്യാസിനികളെയും വാർത്തെടുക്കാൻ രണ്ട് സന്യാസസഭകൾ അദ്ദേഹം സ്ഥാപിച്ചു. സി.എം.ഐ. സഭയും സി.എം.സി. സഭയും. സന്യാസാശ്രമങ്ങൾ, സ്കൂളുകൾ, അനാഥശാലകൾ, പ്രസ്സ് എന്നിങ്ങനെ നിരവധി കർമസ്ഥാപനങ്ങൾ ക്രാന്തദർശിയായിരുന്ന ചാവറയച്ചൻ ആരംഭിച്ചു.

ചാവറയച്ചൻ ഒരു സാമൂഹിക പരിഷ്കർത്താവായിരുന്നു. ജീവിതത്തെക്കുറിച്ച് വ്യക്തമായ വീക്ഷണവും ലക്ഷ്യവും ദർശനവും ചാവറയച്ചന് ഉണ്ടായിരുന്നു. ഈ ലക്ഷ്യപ്രാപ്തിക്കായി അദ്ദേഹം തന്റെ ജീവിതം ഉഴിഞ്ഞുവച്ചു. ചാവറയച്ചൻ സമൂഹത്തിൽനിന്ന് മാറിനിന്ന് അതിന്റെ പുരോഗതിക്കുവേണ്ടി അദ്ധ്വാനിച്ച്, അവരിൽനിന്ന് സഹായം സ്വീകരിച്ച് അവർക്കുവേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത വ്യക്തിയാണ്.

ചാവറയച്ചൻ ജീവിച്ച സമൂഹം ജാതിചിന്തയുടെ വിഷക്കാറ്റുകൊണ്ട് മലീമസമായിരുന്നു. ജാതി-വർഗ വ്യത്യാസങ്ങളില്ലാത്ത സമത്വസുന്ദരമായ ഒരു ലോകം പണിയാൻ, അദ്ദേഹം ആത്മാർത്ഥതയോടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. മനുഷ്യന്റെ മൗലികനന്മയിൽ വിശ്വസിച്ചിരുന്ന ശുഭാപ്തിവിശ്വാസിയായിരുന്നു ചാവറയച്ചൻ. കുടുംബബന്ധങ്ങളിലും വ്യക്തിബന്ധങ്ങളിലും മനുഷ്യനന്മയെ തെളിച്ചുകാട്ടുവാൻ അദ്ദേഹം തീവ്രമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തു. വ്യക്തിയും കുടുംബവും സമൂഹവും നയിക്കപ്പെടുന്നത് ചില ചിന്താധാരകളാലും ദർശനങ്ങളാലുമാകയാൽ ജീവനുള്ള ചിന്തകൾ മനുഷ്യമനസുകളിൽ നിറച്ചാൽ സമൂഹം നേരായവഴിക്ക് നയിക്കപ്പെടാൻ ഇടയാകുമെന്ന് അദ്ദേഹം വിശ്വസിച്ചു. അതിനായി പല പദ്ധതികളും അദ്ദേഹം നടപ്പാക്കി.

ചാവറയച്ചന്റെ സാമൂഹിക പ്രബുദ്ധത വളരെ ഉയർന്നതായിരുന്നു. മനുഷ്യൻ ആത്യന്തികമായി ഒരു സമൂഹജീവിയാണ് എന്നും, സഹായിച്ചും സഹകരിച്ചുമല്ലാതെ അവന് ജീവിക്കാൻ സാധിക്കുകയില്ലെന്നും അദ്ദേഹം

വിശ്വസിച്ചു. നിർവ്യാജ സേവനത്തിലും പരസ്പരബോധത്തിലും അധിഷ്ഠിതമായ ഒരു സാമൂഹിക പ്രബുദ്ധതയ്ക്കുവേണ്ടി പ്രവർത്തിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. നീതിബോധവും പരോപകാരതല്പരതയും സമൂഹ ജീവിതത്തിന്റെ ആവശ്യഘടകങ്ങളായി ചാവറയച്ചൻ കണ്ടു.

തന്റെ 66 വർഷം ദീർഘിച്ച ജീവിതത്തിൽ ആ കർമയോഗി എത്തിപ്പെടാത്ത മേഖലകൾ വളരെ കുറവായിരുന്നു. സന്യാസസഭാസ്ഥാപകൻ, വൈദിക പരിശീലകൻ, അജപാലന പ്രവർത്തകൻ, മുദ്രാലയ പ്രേഷിതൻ, വിദ്യാഭ്യാസ പ്രവർത്തകൻ, സാധുജനസേവകൻ, സാഹിത്യോപാസകൻ എന്നീ നിലകളിലെല്ലാം ദൈവേച്ഛയ്ക്കൊത്തു ജീവിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആ ജീവിത വർഷത്തിന്റെ പുണ്യസ്രോതം വർത്തമാനകാലത്തിനും വരും കാലങ്ങൾക്കും അനുഗ്രഹദായകമായി വർത്തിക്കുന്നു.

■